ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) ചിക്കൻപോക്സിന് വാക്സിൻ ഉണ്ട്. ന്യൂമോണിയയ്ക്ക് ഒരു പ്രത്യേകതരം ബാക്ടീരിയയെ തടയാനുള്ള വാക്സിൻ മാത്രമാണ് നിലവിലുള്ളത്. എല്ലാ ബാക്ടീരിയയേയും തടയാനുള്ള വാക്സിൻ നിലവിലില്ല.

(ബി) ലഭ്യമാണ്.

(സി) നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽപ്പെടുത്തിയിട്ടുള്ള എല്ലാ വാക്സിനും സംസ്ഥാനത്തെ ശിശുക്കൾക്ക് നൽകുന്നുണ്ട്. ചിക്കൻപോക്സിനും ന്യൂമോണിയയ്ക്കുമുള്ള വാക്സിനുകൾ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി രോഗപ്രതിരോധ ശക്തി സംശയാതീതമായി തെളിയിക്കപ്പെടേണ്ടതുണ്ട്. വളരെ വില കൂടിയ ഇത്തരം മരുന്നുകൾക്ക് വേണ്ടിവരുന്ന ഭരിച്ച സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുക്കേണ്ടതുണ്ട്.

15 (*165) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ തടയാൻ നടപടി

ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) റേഷൻ കടകൾ പരിശോധിക്കുവാൻ മൊബൈൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) റേഷൻ രംഗത്തെ ക്രമക്കേടുകൾ തടയുന്നതിന് നിലവിലുള്ള സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിക്കുമോ;

(ഡി) ക്രമക്കേടുകൾ കാണിക്കുന്നവർ ശിക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) കുറ്റക്കാരെ രക്ഷപ്പെടുത്താൻ കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ തടയുന്നതിന് വിവിധ തലങ്ങളിലായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ റവന്യൂ, സിവിൽ സപ്ലൈസ്, നികുതി, ലീഗൽ മെട്രോളജി, പോലീസ്, മോട്ടോർ വെഹിക്കിൾസ്, ഹെൽത്ത്, ലേബർ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് സെല്ലുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാരുടെ നിയന്ത്രണത്തിൽ നാല് മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ നിലവിലുള്ള സംവിധാനം തികച്ചും ഫലപ്രദമാണ്.

(ഡി) ക്രമക്കേടുകൾ നടത്തിയതായി കണ്ടുപിടിക്കപ്പെടുന്ന വ്യാപാരികളുടെ ലൈസൻസ് റദ്ദുചെയ്യുക, ദുർവിനിയോഗം ചെയ്ത റേഷൻസാധനങ്ങളുടെ വില ഈടാക്കുക, ജാമ്യസംഖ്യ കണ്ടുകെട്ടുക തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

16 (*166) ലോകാരോഗ്യ സംഘടനയിൽനിന്നും സംസ്ഥാന ആരോഗ്യവകുപ്പിന് ലഭിക്കുന്ന സാമ്പത്തികസഹായം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകാരോഗ്യ സംഘടനയിൽനിന്നും സംസ്ഥാന ആരോഗ്യ വകുപ്പിന് രോഗപ്രതിരോധത്തിനും രോഗ നിർമ്മാർജനത്തിനും എന്തെങ്കിലും സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ടിയാണ് സാമ്പത്തികസഹായം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ 1996-97-മുതൽ 1998-99 മാർച്ച് 31 വരെ ഓരോ ഇനത്തിലും എത്ര തുകവീതം ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) ഓരോ ഇനത്തിലും എന്തു തുക വീതം ഈ കാലഘട്ടത്തിൽ ഓരോ വർഷവും ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനത്തിനായി രണ്ട് കൺസൾട്ടന്റുമാരുടെ വേതനവും, പോളിയോ നിർമ്മാർജ്ജനത്തിനായി ഒരു നിരീക്ഷണ ഉദ്യോഗസ്ഥന്റെ വേതനവും ലോകാരോഗ്യസംഘടന നൽകി വരുന്നു.

(ബി)-(ഡി) ചികിത്സയ്ക്കായി സഹായം ലഭിക്കുന്നില്ല.

17 (*167) താലൂക്ക് ആശുപത്രികളുടെ വികസനം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്;

(ബി) ആശുപത്രികളിൽ വരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്താണോ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒരു താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലൈസ് ചെയ്ത ഏതെല്ലാം വിഭാഗങ്ങൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly